## പ്രത്യേക പരാമർശം

മി.സ്പീക്കർ: നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എപ്പോൾ എഴുന്നേറ്റാലും മൈക്ക് കൊടുക്കുകയെന്ന കീഴ്വഴക്കം തന്നെയാണ് പാലിച്ചുവരുന്നത്. റൂൾ 50 നോട്ടീസ് ചെയർ നിരാകരിച്ചതാണ്. നിരാകരിച്ച സമയത്ത് അവിടെ നിന്ന് കൂട്ടത്തോടെ എല്ലാവരും എഴുന്നേറ്റ് പ്രതിഷേധമായാണ് വന്നത്. അതുകൊണ്ടാണ് മൈക്ക് അങ്ങേയ്ക്ക് ലഭിക്കാതിരുന്നത്. അങ്ങയ്ക്ക് എന്താണ് പറയാനുള്ളത്?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചെയറുമായി ഒരു സമയത്തും ഞങ്ങൾ സംഘർഷത്തിന് ആഗ്രഹിക്കുന്നില്ല. റൂൾ 50 നോട്ടീസ് അനുമതി നിഷേധിച്ച സമയം തന്നെ ഞാൻ എഴുന്നേറ്റു. എല്ലാ സ്പീക്കർമാരും റൂൾ 50 നോട്ടീസ് നിഷേധിക്കുമ്പോൾ എല്ലാ പ്രതിപക്ഷനേതാക്കന്മാരും എഴുന്നേൽക്കുകയും അവർക്ക് അവസരം നല്കുകയും ചെയ്തിട്ടുണ്ട്. ആദ്യമായാണ് ഈ സഭയിൽ പ്രതിപക്ഷ നേതാവിന് മൈക്ക് നല്കാതെയിരിക്കുന്നത്.

മി.സ്പീക്കർ: ബഹളം ഉണ്ടായതുകൊണ്ടുമാത്രമാണ് മൈക്ക് അനുവദിക്കാതിരുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ദയവുചെയ്ത് പുതിയ കീഴ്വഴക്കങ്ങൾ സഭയിൽ ഉണ്ടാക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ ഒരുപാട് സ്പീക്കർമാർ ആവശ്യമില്ല. അങ്ങ് സ്പീക്കറായി നിയന്ത്രിച്ചാൽ മതിയെന്നാണ് എന്റെ അഭ്യർത്ഥന.

മി.സ്പീക്കർ: അങ്ങയെ ഇപ്പോൾ അനുവദിച്ചത്.... (....ബഹളം....) റൂൾ 50 നോട്ടീസ് നിരാകരിച്ചപ്പോൾ കൂട്ടത്തോടെ പ്രതിഷേധമായാണ് വന്നത്. പ്രതിഷേധത്തിൽ മൈക്ക് ലഭിക്കാതിരിക്കുന്നത് സ്വാഭാവികമാണ്. ഇപ്പോൾ അങ്ങയ്ക്ക് സംസാരിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളിവിടെ.... (....ബഹളം....)

മി.സ്പീക്കർ: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയെ നോക്കിയാണ് സംസാരിക്കുന്നത്. ഞങ്ങൾക്ക് പ്രൊട്ടക്ഷൻ തരേണ്ട ബാധ്യതകൂടി അങ്ങേയ്ക്കുണ്ട്. ഇവിടെ നിരന്തരമായി കഴിഞ്ഞ മൂന്ന് ദിവസവും മൃഗീയമായ ഭൂരിപക്ഷം ഉപയോഗിച്ച് ഞങ്ങളുടെ ശബ്ദത്തെ അടിച്ചമർത്താൻ

നോക്കുകയാണ്. (....ബഹളം....)

<u>മി.സ്പീക്കർ</u>: അങ്ങ് സംസാരിക്കൂ. ഇരു ഭാഗത്തുനിന്നും ഇത്തരം സമീപനങ്ങൾ ഉണ്ടാകുന്നുണ്ട്. ദയവായി ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. ദയവായി അംഗങ്ങൾ ഇരിക്കൂ...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, റൂൾ 50 നോട്ടീസിൽ കൊടുത്ത വിഷയം അന്വേഷണം നടക്കുകയാണ് എന്നതിന്റെ പേരിലും കോടതികളുടെ പരിഗണനയിലാണെന്നതിന്റെ പേരിലുമാണ് അങ്ങ് സഭയിൽ അനുമതി നിഷേധിച്ചത്. ഇവിടെ നിയമനിർമ്മാണ സഭയിൽ സോളാർ കേസുമായും ബാർ കോഴകേസുമായും ബന്ധപ്പെട്ട് അന്വേഷണതലത്തിലിരിക്കുമ്പോഴും കോടതികളിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും നിരവധി തവണ സഭയിൽ റൂൾ 50-യ്ക്ക് അനുമതി നല്കിയിട്ടുണ്ട്. അങ്ങനെയുള്ളയൊരു പ്രീസിഡന്റ് നിലനിൽക്കുന്ന ഒരു സഭയാണിത്. മദനകാമരാജൻ കഥകൾ പറഞ്ഞ് പൈങ്കിളി വല്കരിക്കാൻ ആഗ്രഹിച്ചുകൊണ്ടല്ല ഞങ്ങൾ ഈ വിഷയം കൊണ്ടുവരുന്നത്. ഒരു വിഷയം കൊണ്ടുവരുമ്പോൾ അത് നിയമസഭയിൽ അവതരിപ്പിക്കാൻ പോലും സമ്മതിക്കില്ലെന്ന് പറഞ്ഞാൽ, മുഖ്യമന്ത്രിയെ ഭരിക്കുന്നത് ഭയമാണെന്ന്

ഞങ്ങൾക്ക് പറയേണ്ടി വരും. പ്രസ്തുത വിഷയം ചർച്ച ചെയ്യാതിരിക്കാൻ വേണ്ടിയിട്ടാണ് ഓരോ കാര്യങ്ങൾ ഉന്നയിക്കുന്നത്. ഞാൻ അങ്ങയുടെ റൂളിംഗിനെ വിമർശിക്കുന്നില്ല. പക്ഷെ അങ്ങ് റൂളിംഗിൽ പറഞ്ഞ കാര്യം ഇവിടത്തെ പ്രീസിഡന്റിന് നിരക്കാത്ത കാര്യമാണ്. പ്രസ്തുത വിഷയം അവതരിപ്പിക്കാൻ ഞങ്ങൾക്ക് അനുമതി നല്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങിത് പുന:പരിശോധിക്കണം.

മി.സ്പീക്കർ: പ്രസ്തുത വിഷയത്തെ സംബന്ധിച്ച് നേരത്തെ ഡിസ്പോസ് ചെയ്തതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അടിയന്തരപ്രമേയത്തിന് അനുമതി നല്കാതിരിക്കുന്നത് മന:പൂർവ്വമായി സർക്കാർ ഈ വിഷയം ചർച്ച ചെയ്യാൻ സമ്മതിക്കാത്തതിനാലാണ്. ഇതിലെ വിഷയം സർക്കാരിനെ ഭയപ്പെടുത്തുന്നു.

മി.സ്പീക്കർ: യെസ്... ചർച്ചയില്ല. വിഷയം ഡിസ്പോസ് ചെയ്തതാണ്. അങ്ങയെ സംസാരിക്കാൻ അനുവദിച്ചതാണ്... (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഇതൊരു കാരണവശാലും സമ്മതിക്കാൻ കഴിയില്ല. ഇത് ജനാധിപത്യവിരുദ്ധമാണ്.

മി.സ്പീക്കർ: ശ്രീ. എം. വിൻസെന്റ്....... അങ്ങ് സംസാരിക്കുന്നുണ്ടോ? ...(ബഹളം)...

(നോട്ടീസ് നൽകിയ പ്രതിപക്ഷാംഗം ശ്രീ. എം. വിൻസെന്റ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ജനാധിപത്യവിരുദ്ധമായ നടപടിയാണ്. സഭയിൽ ഞങ്ങളെന്തിനാണ് വരുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന കാര്യങ്ങളെക്കുറിച്ച് നിയമസഭ ചർച്ച ചെയ്യണ്ടേ? കഴിഞ്ഞ അഞ്ച് വർഷം നടന്ന കാര്യങ്ങളെക്കുറിച്ച്... (മൈക്ക് ഓഫ്) (...ബഹളം...)

മി.സ്പീക്കർ: സബ്മിഷൻ.. ശ്രീ. എ. പി. അനിൽകുമാർ...

( ശ്രീ. എ. പി. അനിൽകുമാർ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിച്ചില്ല).

(...ബഹളം...)

(അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്നുനിന്ന് ബാനർ ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)